IV. സബ്മിഷൻ

(1) കൺസ്യൂമർ കാർഡിനുള്ള ആപ്ലിക്കേഷൻ ഫാറം പിൻവലിക്കണമെന്ന്

പ്രതിപക്ഷനേതാവ് (ശ്രീ.എ.കെ.ആന്റണി) : സർ, കേരള ഗവൺമെന്റിന്റെ പല പരിഷ്ക്കാരങ്ങളും ജനങ്ങൾക്ക് ഗുണം ചെയ്യുന്നതിനുപകരം ജനങ്ങളുടെയിടയിൽ മനസ്സമാധാനം നഷ്ടപ്പെടുത്തുന്നതിനും സംഘർഷമുണ്ടാക്കുന്നതിനും ഇടവരുത്തിയിട്ടുണ്ട്. പല പരിഷ്ക്കാരങ്ങളും, ഹോംവർക്ക് ചെയ്യാതെ, തുഗ്ലക്ക് പരിഷ്ക്കാരങ്ങളായി മാറുന്നതിൽ എനിക്ക് ദുഃഖമുണ്ട്. ഏറ്റവുമൊടുവിൽ കൺസ്യൂമർ കാർഡിനുള്ള അപേക്ഷാഫാറം ഏർപ്പെടുത്തിയിരിക്കുകയാണ് ഇലക്ട്രിസിറ്റി ബോർഡ്. 19 കാര്യങ്ങൾ ഈ അപേക്ഷാഫാറത്തിൽ പൂരിപ്പിക്കാനുണ്ട്. ഈ അപേക്ഷാ ഫാറത്തിന് 10 രൂപ ചാർജ്ജ് ഈടാക്കുന്നതു തന്നെ ഏറ്റവും വലിയ ജനദ്രോഹമല്ലേ? ഇതു ചാർജ്ജില്ലാതെ ചെയ്യാവുന്നതാണ്. വേണമെങ്കിൽ ഒരു രൂപ വാങ്ങിക്കാം. 10 രൂപ ചാർജ്ജു ചെയ്തതു തന്നെ ഈ ഗവൺമെന്റിന് ജനങ്ങളോടുള്ള മനോഭാവം പ്രകടമാക്കുന്ന ഏറ്റവും നല്ല തെളിവാണ്. ഇതുപോലുള്ള ഫാറങ്ങൾക്ക് ഇങ്ങനെ പണം വാങ്ങിക്കുന്നതു ശരിയല്ല. കൺസ്യൂമർ കാർഡു കിട്ടാൻ ഈ ഫാറത്തിൽ അപേക്ഷിച്ചു 10 രൂപ കൊടുക്കണം. ഈ കാർഡിന് ഫീസ് ഏർപ്പെടുത്തുന്ന സമ്പ്രദായം തന്നെ ശരിയല്ല. എന്റെ അഭിപ്രായം കാർഡു തന്നെ വേണ്ട എന്നുള്ളതാണ്. ഇപ്പോഴത്തെ ഈ ഫാറം പൂർണ്ണമായും പിൻവലിക്കണം. 19 കാര്യങ്ങൾ പൂരിപ്പിക്കാനുള്ള ഈ ഫാറം മുഴുവനും ശരിയാണെന്ന് ഒരു ഘട്ടത്തിൽ മന്ത്രിപോലും വാദിച്ചിരുന്നു. പക്ഷേ ഇപ്പോൾ ഗവൺമെന്റിന് തന്നെ വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് മന്ത്രി തന്നെ സമ്മതിച്ചിരിക്കുന്നു. ഞങ്ങൾ ഈ പ്രശ്നം ചൂണ്ടിക്കാണിച്ചില്ലായിരുന്നുവെങ്കിൽ, ഈ പ്രശ്നം അസംബ്ലിക്കകത്തും പുറത്തും ഏറ്റെടുത്തില്ലായിരുന്നുവെങ്കിൽ, ഉപഭോക്തൃ സംഘടനകൾ ഏറ്റെടുത്തില്ലായിരുന്നുവെങ്കിൽ, ഈ രാജ്യത്തെ ജനങ്ങൾക്ക് ഏറ്റവും പ്രയാസമുണ്ടാക്കുന്ന ഈ 19 കാര്യങ്ങളും പൂരിപ്പിച്ചു കൊടുത്തേ പറ്റൂ എന്ന കാര്യത്തിൽ നിങ്ങൾ നിർബന്ധം പിടിക്കുമായിരുന്നു. ഒരു ഘട്ടത്തിൽ ഈ 19-ഉം വേണമെന്ന് നിർബന്ധം പിടിച്ചവരാണ് നിങ്ങൾ. ഈ സംസ്ഥാനത്തുണ്ടായ ജനവികാരം മാനിച്ചുകൊണ്ട് ഏറ്റവുമൊടുവിൽ better late than never എന്നു പറഞ്ഞപോലെ ഇതിലെ കുറച്ചുകാര്യങ്ങൾ പിൻവലിച്ചു. ഗവൺമെന്റിന് അക്കാര്യം ബോധ്യം വന്നു. പ്രതിപക്ഷം ഇക്കാര്യം പറയുന്നത് ഗവൺമെന്റിനെ തോല്പിക്കാനല്ല, അതുപോലെ രാഷ്ട്രീയപ്രേരിതവുമല്ല. ജനങ്ങളുടെ വികാരം മാനിച്ചാണ് എന്നുമാത്രം. എട്ടെണ്ണം പിൻവലിച്ചു. എനിക്കു പറയാനുള്ളത് ഫാറം തന്നെ വേണ്ടെന്നുള്ളതാണ്. ഈ ഫാറം അപ്രായോഗികമാണ്. ഈ ഫാറം പൂരിപ്പിക്കണമെന്നുള്ള ഗവൺമെന്റിന്റെ നിർബന്ധ ബുദ്ധി ഈ രാജ്യത്തെ 60 ലക്ഷത്തോളം വരുന്ന ഇലക്ട്രിസിറ്റി ഉപഭോക്താക്കളുടെ സമാധാനം കെടുത്തിയിരിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : കൺസ്യൂമർ കാർഡ് അത്യാവശ്യമാണ്.

ശ്രീ. എ.കെ. ആന്റണി : ശ്രീമതി മെഴ്സിക്കുട്ടി അമ്മയുടെ ആൾക്കാർ തന്നെ എന്നോട് പരാതി പറഞ്ഞിട്ടുള്ളതാണ്. ശ്രീമതി മെഴ്സിക്കുട്ടി അമ്മ മണ്ഡലത്തിൽ പോയിട്ടുണ്ടെങ്കിൽ അവരും പറയും. ഇതു ഭരണപക്ഷത്തിന്റെയോ പ്രതിപക്ഷത്തിന്റെയോ പ്രശ്നമല്ല. ദയവുചെയ്തു ഇക്കാര്യം അങ്ങനെ കാണരുത്. ഇതു മന്ത്രിയെ തോല്പിക്കാൻ വേണ്ടി ചെയ്യുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly

ജനവികാരം അങ്ങനെയാണ്. മന്ത്രിതന്നെ ഇക്കാര്യം ഭാഗികമായി സമ്മതിച്ചിട്ടുണ്ട്. ഈ ഫാറം തയ്യാറാക്കുന്നതിൽ വീഴ്ച പറ്റിയിട്ടുണ്ടെന്നു മന്ത്രി തന്നെ ഭാഗികമായി സമ്മതിച്ചു കഴിഞ്ഞിരിക്കുകയാണ്. ഈ ഫാറം പിൻവലിക്കുക, അതുപോലെതന്നെ കൺസ്യൂമർ കാർഡിനു പണം പിരിക്കുന്ന ഏർപ്പാടും വേണ്ട. മാർച്ച് 20-നു മുൻപ് ഈ ഫാറം പൂരിപ്പിച്ചു കൊടുക്കണമെന്നുള്ള നിർബന്ധവും പ്രഖ്യാപനവും ഗവൺമെന്റ് നിരുപാധികം പിൻവലിക്കുക. പിൻവലിച്ചതിനുശേഷം ഈ സ്റ്റേറ്റിലുള്ള അംഗീകൃത കൺസ്യൂമർ സംഘടനകളുടെ പ്രതിനിധികളെ വിളിക്കുക ഇലക്ട്രിസിറ്റി ബോർഡിലെ ട്രേഡ് യൂണിയനുകളുടെ പ്രതിനിധികളെ വിളിക്കുക. എന്റെ അഭിപ്രായത്തിൽ ഇക്കൂട്ടത്തിൽ ഇവിടത്തെ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികളെക്കൂടി വിളിക്കുക, അതല്ല രാഷ്ട്രീയ കക്ഷികളെ വിളിച്ച് ചർച്ച ചെയ്യില്ല എന്നുള്ളതാണ് നിങ്ങളുടെ നിലപാടെങ്കിൽ ഞങ്ങളെ വിളിക്കണ്ട. കൺസ്യൂമർ ഓർഗനൈസേഷന്റ പ്രതിനിധികളേയും ട്രേഡ് യൂണിയൻ പ്രതിനിധികളേയും വിളിച്ചു വരുത്തി അവരുമായി ചർച്ച നടത്തി, ഗവൺമെന്റിനും ബോർഡിനും പ്രയാസം ഉണ്ടാക്കുന്ന പ്രശ്നങ്ങളുണ്ടെങ്കിൽ അതു ചർച്ച ചെയ്ത് മറ്റെന്തെങ്കിലും സംവിധാനങ്ങൾ ഉണ്ടാക്കണം. കൺസ്യൂമർ ഓർഗനൈസേഷന്റെ പ്രതിനിധികളുമായും ട്രേഡ് യൂണിയൻ പ്രതിനിധികളുമായും പറ്റുമെങ്കിൽ രാഷ്ട്രീയകക്ഷികളുടെ പ്രതിനിധികളുമായും ചർച്ച ചെയ്ത് തീരുമാനമുണ്ടാക്കണം. നമുക്ക് ഏതായാലും ഈ ഫാറവും വേണ്ട, കാശും വേണ്ട. മാർച്ച് 20-നു മുമ്പായി പൂരിപ്പിച്ചു കൊടുക്കണമെന്നുള്ള ഗവൺമെന്റിന്റെ നിർബന്ധ ബുദ്ധി ഗവൺമെന്റ് ഉപേക്ഷിക്കണം. ഈ നടപടി തൽക്കാലത്തേയ്ക്കു നിർത്തിവയ്ക്കുക. എന്നാൽ മാത്രമേ കേരളത്തിലെ ഇലക്ട്രിസിറ്റി ഉപഭോക്താക്കളുടെ മനസ്സിൽ ഇന്ന് ആളിക്കത്തിക്കൊണ്ടിരിക്കുന്ന തീ കെടുത്താൻ സാധിക്കൂ. ആകെ സമാധാനക്കേടും സംഘർഷവുമാണ്. ചെറുപ്പക്കാരനായ എന്റെ സുഹൃത്ത് പുഞ്ചിരിച്ചുകൊണ്ട് ഒഴിയാൻ വേണ്ടി ശ്രമിക്കരുത്. അങ്ങയുടെ കാലത്ത് ജനങ്ങൾക്ക് ഗുണം ചെയ്തില്ലെങ്കിലും ദ്രോഹം ഉണ്ടാക്കുന്ന നടപടികളൊന്നും സ്വീകരിക്കരുത്. അതുകൊണ്ട് ഈ ഏർപ്പാട് പിൻവലിക്കണമെന്നുള്ള ഒരു അപേക്ഷയാണ് എനിക്കുള്ളത്.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ഇവിടെ കൺസ്യൂമർ കാർഡിനുവേണ്ടി ഇലക്ട്രിസിറ്റി ബോർഡാണ് ഫാറം തയ്യാറാക്കിയത്. ആ ഫാറം തയ്യാറാക്കിയിട്ടുള്ളതിൽ സാങ്കേതികമായിട്ടുള്ള വിവരങ്ങൾ പൂരിപ്പിക്കുന്നതിന് ജനങ്ങൾക്ക് പ്രയാസമുണ്ടെന്നും ഇത് പുനഃപരിശോധനയ്ക്ക് വിധേയമാക്കണമെന്നു കാണിച്ച് കഴിഞ്ഞ ഒമ്പതാം തീയതി (ബഹു. പ്രതിപക്ഷനേതാവ് അന്ന് ഡൽഹിയിലാണ്) സഭയിൽ ബഹുമാന്യനായ ജോയി അടിയന്തിരപ്രമേയത്തിന് നോട്ടീസ് നൽകി ഈ പ്രശ്നം സഭയിൽ ഉന്നയിച്ചു. ബോർഡ് തയ്യാറാക്കിയിട്ടുള്ള ഫാറത്തിൽ സാങ്കേതികമായിട്ടുള്ള വിവരം മനസ്സിനെ പരിഭ്രാന്തമാക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്ന ഒരവസ്ഥയുണ്ടാക്കിയിരിക്കുന്നുവെന്നും അത് ഒഴിവാക്കുമെന്നും ചർച്ചയുടെ പശ്ചാത്തലത്തിൽ അതൊരു കറക്ഷന് വിധേയമാക്കേണ്ടതാണെന്നും ഗവൺമെന്റ് അപ്പോൾത്തന്നെ പറഞ്ഞു. ഞാൻ ഇവിടെ അപ്പോൾ തന്നെ പറഞ്ഞു-കൺസ്യൂമർക്ക് അറിയുന്ന കാര്യങ്ങൾ മാത്രം പൂരിപ്പിച്ചാൽ മതി. അപ്പോൾ മറുപടിക്കുശേഷം ബഹു. പ്രതിപക്ഷനേതാവിന്റെ അസാന്നിദ്ധ്യത്തിൽ ഉപനേതാവ് ശ്രീ. ജി. കാർത്തികേയൻ, ഈ വകുപ്പ് മുമ്പ് കൈകാര്യം ചെയ്ത മന്ത്രികൂടിയായിരുന്ന ശ്രീ. ജി. കാർത്തികേയൻ, എഴുന്നേറ്റ് ചോദിച്ചു-ഈ ഫാറത്തിൽ നൽകേണ്ടകാര്യങ്ങൾ പലതും

LIBRARY ARCHIVES Kerala Legislative Assembly

കൺസ്യൂമറെ പീഡിപ്പിക്കുന്നതിനുള്ള സമ്മർദ്ദമുണ്ടാക്കാനായി ഉദ്യോഗസ്ഥൻമാർ ഉപയോഗിക്കാൻ സാദ്ധ്യതയുണ്ട്, അത് ഉണ്ടാവില്ലെന്ന് ഉറപ്പുനൽകുന്നതിന് ബോർഡ് ഉത്തരവ് പുറപ്പെടുവിക്കാൻ സന്നദ്ധമാകുമോ? ഇതാണ് കഴിഞ്ഞ 9-ാം തീയതി ഇവിടെ നടന്നത്. ഞാൻ പറഞ്ഞു, അടിസ്ഥാനപരമായി ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം കൺസ്യൂമറുടെ താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി കൊണ്ടുവന്ന ഒന്നാണ് ഈ കാർഡ്. റേഷൻ കാർഡ്, അതുപോലെ ഗ്യാസ് കണക്ഷന്റെ കാർഡ് ഇതൊക്കെപ്പോലെ കൺസ്യൂമറിന് ഒരു കാർഡ് സിസ്റ്റം ഉണ്ട്. ഇലക്ട്രിസിറ്റിബോർഡിലേതാകുമ്പോൾ സ്വാഭാവികമായും ചില വിവരണങ്ങൾ കൂടി വരുത്തണമെന്നുള്ളതിന്റെ ഭാഗമായിട്ടാണ് പറയുന്നത്. ഈ കാര്യം ബോർഡ് ഉത്തരവുവഴി ഇറക്കാൻ സന്നദ്ധമാകുമോയെന്ന് ബഹു. കാർത്തികേയൻ ചോദിക്കുകയും ചെയ്തു. ഈ കാര്യം ഗവൺമെന്റ് പരിശോധിക്കാമെന്ന് ഞാൻ മറുപടിയും പറഞ്ഞു. അത് 9-ാം തീയതിയാണ്. 10-ാം തീയതി തന്നെ, ഇവിടെ ഉന്നയിച്ച പ്രശ്നത്തെയടിസ്ഥാനമാക്കി ബോർഡിന്റെ ഉത്തരവിറക്കി. ആ ഉത്തരവിൽ ഈ അപേക്ഷാ ഫാറം പൂരിപ്പിച്ചു നൽകുന്നതിന്റെ പേരിൽ സാങ്കേതികമായിട്ടുള്ള എട്ട് കോളങ്ങൾ കാണിച്ചിരുന്നത് ഡിലീറ്റ് ചെയ്തതായി കണക്കാക്കുമെന്ന് പറഞ്ഞു. അപ്പോൾ പിന്നെ വന്ന പ്രശ്നം അടിയിൽ സത്യവാങ്മൂലമെന്ന് എഴുതിക്കൊടുക്കുമ്പോൾ മറ്റേതും ബാധകമല്ലേ എന്നാണ്. ഡിലീറ്റ് ചെയ്യപ്പെട്ടുകഴിഞ്ഞാൽ പിന്നെ ബാധകമല്ല, എഴുതിക്കൊടുക്കുന്നതിന് മാത്രമേയുള്ളൂ. അച്ഛന്റെ പേര്, അമ്മയുടെ പേര്, വീട്ടുപേര്, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, ജില്ല, അതിന്റെ ഡേറ്റാസ് മാത്രമേയുള്ളൂ. കുടുംബ വിവരങ്ങൾ മാത്രമേയുള്ളൂ. കൺസ്യൂമറിന്റെ താൽപ്പര്യം ലക്ഷ്യമാക്കിക്കൊണ്ടാണല്ലോ ഒരു ചർച്ച നടന്നതും ബോർഡ് ഇപ്രകാരം ഒരു നിർദ്ദേശം കൊണ്ടുവന്ന സന്ദർഭത്തിൽ ഗവൺമെന്റ് അംഗീകാരം കൊടുക്കാൻ ഇടവന്നതും.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : ഇതിൽ കണക്ടഡ് ലോഡിന്റെ കാര്യം.....

<u>ശ്രീ. എസ്. ശർമ്മ</u> : ഇടയ്ക്കിടയ്ക്ക് ചോദ്യം ചോദിക്കരുത് ബഹു. പ്രതിപക്ഷ നേതാവല്ലേ ഉന്നയിച്ചിരിക്കുന്നത്. എപ്പോഴും എപ്പോഴും സബ്മിഷൻ ഉന്നയിക്കുന്ന ആളല്ലല്ലോ. ഇടയ്ക്ക് ഉന്നയിക്കുമ്പോൾ അതിന് ഗൗരവമുണ്ടല്ലോ. ആ ഗൗരവം മനസ്സിലാക്കിക്കൊണ്ട് മറുപടി പറഞ്ഞിട്ടാകാം ചോദ്യം. 10-ാം തീയതിതന്നെ ബോർഡ് ഉത്തരവിറക്കി. കൺസ്യൂമർ കാർഡിന് നമ്മൾ എതിരല്ല, പക്ഷേ കൺസ്യൂമേഴ്സിന്റെ ഇടയിൽ ഉത്കണ്ഠയുണ്ടായിട്ടുണ്ട്. ഉത്കണ്ഠ ദൂരീകരിച്ചുകൊണ്ട് ബോർഡ് ഉത്തരവിറക്കാൻ സന്നദ്ധമാകുന്നതിന് ഗവൺമെന്റ് നിർദ്ദേശം നൽകുമോയെന്നതാണ് അടിയന്തിരപ്രമേയത്തിന് നോട്ടീസ് നൽകിയ അവസരത്തിൽ ശ്രീ. ജി. കാർത്തികേയൻ ഇതിനെപ്പറ്റി സഭയിൽ ചോദിച്ചത് ഈ സഭാരേഖയിലുള്ളതാണ്. പിറ്റേദിവസം തന്നെ അതിനെ അടിസ്ഥാനമാക്കിക്കൊണ്ട് ഉത്തരവിറക്കി ..... (ബഹളം)

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : നമുക്ക് കൺസ്യൂമർ കാർഡ് വേണ്ട. (ബഹളം)

<u>ശ്രീ. എസ്. ശർമ്മ</u> : ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി ശ്രീ. എ.കെ. ആന്റണിയെ മുന്നിലിരുത്തിക്കൊണ്ട്, ശ്രീ. ജി. കാർത്തികേയനെകൊണ്ട് കാർഡിനെതിരെന്ന് പറയിക്കേണ്ട കാര്യമുണ്ടോ? കാർഡിന് എതിരല്ല എന്നല്ലേ പറഞ്ഞത്? പ്രതിപക്ഷം കാർഡിന് എതിരല്ല എന്നല്ലേ പറഞ്ഞത്. അതിന് ഈ ഭാഗം ഒഴിവാക്കാൻ കഴിയുമോ എന്നല്ലേ ചോദിച്ചത്. ആ ഭാഗം ബോർഡ് ഒഴിവാക്കി ഉത്തരവിറക്കാൻ സന്നദ്ധമാകുമോ എന്നല്ലേ ചോദിച്ചത്?

LIBRARY ARCHIVES Kerala Legislative Assembly

പിറ്റേ ദിവസംതന്നെ ബോർഡിനെക്കൊണ്ട് ഉത്തരവിറക്കിച്ചു. അതായത് ഇത് പൂരിപ്പിച്ചു കൊടുക്കുന്നതിന്റെ കാര്യത്തിൽ, സാങ്കേതികമായിട്ടുള്ള ഇന്നയിന്ന എട്ട് കോളങ്ങൾ 2,4,5 ..... എന്ന് ഓരോ ഭാഗം പറഞ്ഞിട്ട് അത് ഡിലീറ്റ് ചെയ്തു. അത് പൂരിപ്പിക്കുന്നതിന് കൺസ്യൂമറിനു യാതൊരു ഉത്തരവാദിത്വവും ഇല്ല. രണ്ടാമത്തേത് കണക്റ്റഡ് ലോഡ് കാണിക്കുന്നതിന്റെ പേരിൽ ഉപഭോക്താവിന്റെ പേരിൽ ഒരു നയാ പൈസ അധികമായി പിഴയോ മറ്റു രൂപത്തിലോ ബോർഡ് ഈടാക്കുന്നതല്ല എന്നും ബോർഡ് ഉത്തരവിറക്കിയിട്ടുണ്ട്. ഒറ്റ നയാപൈസപോലും ഇതിന്റെ പേരിൽ ഈടാക്കുന്നതല്ലെന്ന് സ്പെസിഫിക്കായിട്ട് ഉത്തരവ് ഇറക്കിയിട്ടുണ്ട്.

കണക്റ്റഡ് ലോഡ് എന്തിന് ചേർത്തു?- അതാണല്ലോ ഇപ്പോൾ ഒരു പ്രശ്നം പറഞ്ഞത്. കണക്റ്റഡ് ലോഡിനെ അടിസ്ഥാനമാക്കിക്കൊണ്ടല്ല കൺസ്യൂമറിൽനിന്നും കറന്റ് ചാർജ് ഈടാക്കുന്നത്. ഡൊമസ്റ്റിക് കണക്ഷൻ കൺസ്യൂമർ എടുക്കുമ്പോൾ കറന്റ് ചാർജ് ഈടാക്കുന്നത് കണക്റ്റഡ് ലോഡിനെ അടിസ്ഥാനമാക്കിയല്ല, മീറ്റർ റീഡിംഗിനെ അടിസ്ഥാനമാക്കിക്കൊണ്ടാണ്. ഇതിന്റെ പേരിൽ ഒരു നയാ പൈസ കൺസ്യൂമറിൽ നിന്നും ഈടാക്കുന്നതല്ലെന്ന് ബോർഡ് ഉത്തരവും ഇറക്കികഴിഞ്ഞു. എന്നെ സംബന്ധിച്ചിടത്തോളം ഇതിന് താല്പര്യമെടുക്കാനുള്ള കാര്യം ഞാൻ പറയാം. വൈദ്യുതി ചാർജ് എട്ടൊൻപതു മാസങ്ങൾക്ക് മുൻപ് കൂടിയ അവസരത്തിൽ ഇവിടെ ഒരുപാട് പരാതികൾ ഉയർന്നുവന്നു. അഡീഷണൽ ബിൽ കൊടുത്തതിൽ ധാരാളം പരാതികൾ വന്നു. അതുപോലെ അഡീഷണൽ സി.ഡി. ചാർജ്ജ് ഈടാക്കലിലും. ഉദാഹരണത്തിനു കൊല്ലത്ത് എം.എൻ. സ്മാരക മന്ദിരത്തിന് 1600 രൂപ ഈടാക്കേണ്ടതിന് പകരം 6800 രൂപയുടെ ബിൽ കൊടുത്തു. അതുപോലെ പട്ടാമ്പിയിൽ മത്സ്യക്കച്ചവടക്കാരൻ 300 രൂപ കൊടുക്കേണ്ടതിന് ആറായിരം രൂപയുടെ അഡീഷണൽ ബിൽ വന്നു. കൺസ്യൂമറിന്റെ കൈയിൽ യാതൊരു വിധ രേഖയും ഇല്ലാത്തതിന്റെ ഫലമായി കൺസ്യൂമറിനെ ബോർഡിലെ ചിലരെങ്കിലും പീഡിപ്പിക്കുകയും കൊള്ളയടിക്കുകയും ചെയ്യുന്നുവെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നതുകൊണ്ട് ഇത്തരമൊരു കാർഡ് കൺസ്യൂമറിന് കിട്ടിയാൽ ഒരിക്കലും കൺസ്യൂമറെ കൊള്ളയടിക്കുവാനോ പീഡിപ്പിക്കുവാനോ ബോർഡിലെ ഒരൊറ്റ ഉദ്യോഗസ്ഥനും കഴിയരുതെന്ന് ആത്മാർത്ഥമായ ആഗ്രഹം ഗവൺമെന്റിനുള്ളതുകൊണ്ടാണ്. കൺസ്യൂമറെ കൊള്ളയടിക്കുവാനോ പീഡിപ്പിക്കുവാനോ കഴിയരുത്. കൺസ്യൂമറിന്റെ കൈയ്യിൽ ഇപ്പോൾ രേഖയൊന്നും ഇല്ല. ബോർഡിന്റെ കൈയിലുള്ള രേഖവെച്ചുകൊണ്ടാണ് ബിൽ കൊടുക്കുന്നത്. ഇതുസംബന്ധിച്ച് എന്തെങ്കിലും ഒരു തർക്കം വന്ന് കോടതിയിൽപ്പോയാൽ ബോർഡ് ഹാജരാക്കുന്ന രേഖ മാത്രമാണ് കോടതിയുടെ മുൻപിലുള്ളത്. ഇപ്പോൾ ഇറക്കിയിരിക്കുന്ന ഉത്തരവനുസരിച്ച് സപ്ലൈ ആക്ട് 79 (ജെ) ഉത്തരവനുസരിച്ച് കൺസ്യൂമർക്ക് ഒരു ആധികാരികരേഖ കൊടുക്കുന്നതിന്റെ ഫലമായി നിയമപരമായ സംരക്ഷണം കൺസ്യൂമർക്ക് നൽകലാണ്. പലപ്പോഴും ബോർഡിലെ ഉദ്യോഗസ്ഥൻമാർ കൺസ്യൂമറെ പീഡിപ്പിച്ചുകൊണ്ടിരുന്നു. എല്ലാപേരും അല്ല, ചില ഉദ്യോഗസ്ഥൻമാർ പീഡിപ്പിച്ചു. അത് ഈ സഭയിൽത്തന്നെ ഉന്നയിച്ചിട്ടുള്ളതാണ്. അത്തരം ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി എടുത്തിട്ടുണ്ട്. കൺസ്യൂമർക്ക് പീഡനമുണ്ടാകാതിരിക്കുന്നതിന് അവരുടെ താൽപ്പര്യം സംരക്ഷിക്കപ്പെടുകയെന്നതാണ് ഗവൺമെന്റ് ഇതുകൊണ്ട് ലക്ഷ്യമാക്കിയിരിക്കുന്നത്. ഈ അപേക്ഷാ ഫാറത്തിന് ഒരു നയാപൈസപോലും ഈടാക്കുന്നതല്ലാ. അങ്ങനെയൊരു നിർദ്ദേശം ഗവൺമെന്റ് ബോർഡിന് കൊടുത്തിട്ടേയില്ല.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാമതായി ഇത്, ധൃതി പിടിച്ച് 20-ാം തീയതിക്കുള്ളിൽ പൂർത്തീകരിച്ച് കൊടുക്കുന്നതിൽ കാലതാമസം വരുന്ന പ്രശ്നം ബഹു. പ്രതിപക്ഷ നേതാവ് ഇവിടെ ഉന്നയിക്കുകയുണ്ടായി. ആ പ്രശ്നം ഗവൺമെന്റ് പരിഗണിക്കുന്നു. അതിന്റെയടിസ്ഥാനത്തിൽ മാർച്ച് മാസത്തിലും ഏപ്രിൽ മാസത്തിലും ബിൽ അടയ്ക്കുന്ന സന്ദർഭത്തിൽ, ആ തീയതിയിൽ കൺസ്യൂമർ കൊടുത്താൽ മതി. പ്രത്യേകിച്ച് രണ്ടോ മൂന്നോ ദിവസം കൊണ്ട് നിർബന്ധപൂർവ്വം ഒരു നിലപാട് സ്വീകരിക്കാൻ ആഗ്രഹിക്കുന്നില്ല. കൺസ്യൂമർക്ക് ഒരുതരത്തിലും ബുദ്ധിമുട്ടുണ്ടാകരുതെന്ന്, ആത്മാർത്ഥമായ ആഗ്രഹം മാത്രമാണ് ഇതിനകത്തുള്ളത്. ഏപ്രിൽ മാസത്തിൽ ബിൽ അടയ്ക്കുന്ന സന്ദർഭത്തിൽ ബിൽ അടയ്ക്കാൻവേണ്ടി പോകുമ്പോൾ മാത്രം ഇത് പൂരിപ്പിച്ചു കൊടുത്താൽ മതി. ബഹു. പ്രതിപക്ഷ നേതാവ് പറഞ്ഞ അഭിപ്രായം പരിഗണിച്ചുകൊണ്ട് ഈ നിലപാട് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

<u>ശ്രീ. എ.കെ. ആന്റണി</u> : സർ, ബഹുമാന്യനായ മന്ത്രി ശ്രീ. എസ്. ശർമ്മയിൽനിന്നും ഞാൻ ഇങ്ങനെയൊരു ഉത്തരം പ്രതീക്ഷിച്ചിരുന്നില്ല. ബഹു. മന്ത്രി പറയുന്നത് കൺസ്യൂമർ കാർഡ് ഏർപ്പെടുത്തുന്നത് കൺസ്യൂമറെ സഹായിക്കാൻ വേണ്ടിയാണെന്നാണ്. ഗവൺമെന്റും ബോർഡും ആദ്യം എടുത്ത നിലപാടിൽ നിന്നിരുന്നുവെങ്കിൽ ഈ ഫോമിലുള്ള 19 കാര്യങ്ങളും കൺസ്യൂമർ പൂരിപ്പിക്കണമായിരുന്നു. പക്ഷേ പ്രതിപക്ഷ പാർട്ടികളും ഉപഭോക്തൃ സംഘടനകളും ഗവൺമെന്റിന്റേയും ബോർഡിന്റേയും നിലപാട് തെറ്റെന്ന് സമർത്ഥിച്ചതിന്റെ ഫലമായിട്ടാണ് ഗവൺമെന്റ് നിലപാട് മാറ്റേണ്ടി വന്നത്. 19 കാര്യങ്ങളിൽ എട്ട് കോളം പൂരിപ്പിക്കണ്ട എന്നൊരു തീരുമാനം ഇക്കാര്യത്തിൽ ഗവൺമെന്റ് എടുത്തു. പ്രതിപക്ഷം ഇക്കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റിന്റെ മുന്നിൽ വച്ച കാര്യങ്ങൾ രാഷ്ട്രീയപ്രേരിതമായിരുന്നില്ല. കേരളത്തിലെ 66 ലക്ഷത്തോളം വരുന്ന ഇലക്ട്രിസിറ്റി ഉപഭോക്താക്കളുടെ മനസ്സിലുള്ള ആശങ്ക ഞങ്ങൾ പ്രകടിപ്പിച്ചതായിരുന്നുവെന്ന് ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കിയിരിക്കുന്നു. ഇപ്പോൾ മാർച്ച് 20 വരെ എന്നുള്ളത് ഏപ്രിൽ അവസാനംവരെ ആകാമെന്ന് മന്ത്രി പറഞ്ഞു. ഞങ്ങൾ പറയുന്നതൊന്നും ഗവൺമെന്റിനെ തോല്പിക്കാൻ വേണ്ടിയുള്ള മുട്ടാപ്പോക്കുന്യായങ്ങളല്ല. ഈ രാജ്യത്തുള്ള, കക്ഷിഭേദമെന്യേയുള്ള 66 ലക്ഷത്തോളം വരുന്ന ഇലക്ട്രിസിറ്റി ഉപഭോക്താക്കളുടെ ആവശ്യങ്ങളും ആശങ്കകളുമാണ് ഞങ്ങൾ പറഞ്ഞുകൊണ്ടിരുന്നത്. എന്നിട്ട് ഇപ്പോഴും ഗവൺമെന്റിന്റെ ദുരഭിമാനം മിച്ചം നിൽക്കുന്നു. നിങ്ങൾ തയ്യാറാക്കിയ 19 ഇനമുള്ള ചോദ്യാവലിയിൽ 8 എണ്ണം നിങ്ങൾ വേണ്ടെന്നു വച്ചു. അത്രയും തെറ്റെന്ന് നിങ്ങൾ സമ്മതിച്ചു. ആ എട്ടു കാര്യങ്ങൾ കൂടി ഉണ്ടായിരുന്നുവെങ്കിൽ കൺസ്യൂമറിന് കൂടുതൽ ഉപദ്രവം ഉണ്ടാകുമെന്ന് ഇപ്പോൾ ഗവൺമെന്റുതന്നെ സമ്മതിച്ചിരിക്കുന്നു. പത്തു നാല്പത് വർഷങ്ങൾക്കുമുമ്പ് എടുത്ത ഇലക്ട്രിസിറ്റി കണക്ഷന്റെ രേഖകൾ പൂരിപ്പിച്ചു കൊടുക്കാൻ ഈ സംസ്ഥാനത്തുള്ള ഒരു കൺസ്യൂമറിനെക്കൊണ്ടും സാദ്ധ്യമല്ല എന്നാണ് ഞങ്ങൾ ആദ്യം പറഞ്ഞിരുന്നത്. അന്ന് ഞങ്ങൾ പറഞ്ഞപ്പോൾ നിങ്ങൾ പരിഹസിച്ചു. ഇപ്പോൾ ഞങ്ങൾ പറഞ്ഞതാണ് ശരിയെന്ന് നിങ്ങൾ സമ്മതിച്ചു, അപേക്ഷ മാർച്ച് 20-നകം തിടുക്കം കാണിച്ച് പൂരിപ്പിക്കാൻ സാദ്ധ്യമല്ല എന്നു ഞങ്ങൾ പറഞ്ഞു. ഇപ്പോൾ ബഹു. മന്ത്രി തന്നെ പറയുന്നു ഏപ്രിൽ അവസാനം വരെ ആകാമെന്ന്. അപ്പോൾ ഞങ്ങൾ പറഞ്ഞ പല കാര്യങ്ങളും പടിപടിയായി ന്യായമാണെന്ന് നിങ്ങൾ സമ്മതിച്ചിരിക്കുന്നു. എന്നിട്ടും പ്രതിപക്ഷം പറഞ്ഞത് പൂർണ്ണമായും അംഗീകരിച്ചാൽ അത് എന്തോ ക്ഷീണമാണെന്നുള്ള മനോഭാവം ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിനും ഭൂഷണമല്ല, ഒരു മന്ത്രിക്കും ഭൂഷണമല്ല എന്നാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. ഞങ്ങൾ കാർഡ് വേണ്ടായെന്നുള്ള അഭിപ്രായക്കാരല്ല. ഞങ്ങൾ പറഞ്ഞത് ഈ ഫോം പിൻവലിക്കണം. .....(ബഹളം)..... ഞങ്ങൾ പറഞ്ഞത്, നിലവിലുള്ള ഈ ഫോം പിൻവലിക്കുക, ഈ ഫോം പൂരിപ്പിച്ചുകൊടുക്കണമെന്നുള്ള നിങ്ങളുടെ നിർബന്ധബുദ്ധി ഉപേക്ഷിക്കുക. നിങ്ങൾ പറയുന്നല്ലോ ഇത് കൺസ്യൂമറെ സഹായിക്കാൻ വേണ്ടിയാണെന്ന്. എങ്കിൽ ചർച്ച യാകാം. ഇവിടത്തെ ഉപഭോക്തൃസംഘടനകളെന്നു പറയുന്നത് ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ പോഷക സംഘടനകൾ അല്ലല്ലോ. ഇവിടത്തെ ഉപഭോക്തൃ സംഘടനകൾ, ഇലക്ട്രിസിറ്റി ബോർഡിലെ ട്രേഡ് യൂണിയനുകൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവരെ ചർച്ചയ്ക്ക് ക്ഷണിക്കുക, ചർച്ച യിൽ ഈ കാർഡ് ഏർപ്പെടുത്തുന്നത് ഉപഭോക്താക്കൾക്ക് ഗുണമാണെന്ന് ബഹു. മന്ത്രിക്ക് ബോദ്ധ്യപ്പെടുത്താൻകഴിഞ്ഞാൽ കാർഡ് ഏർപ്പെടുത്താം. അതല്ല ഉപഭോക്തൃ സംഘടനകൾക്ക് ഒന്നടങ്കം, ഇത്, വേണ്ടെന്നുള്ള അഭിപ്രായമാണെങ്കിൽ വേണ്ട. ഇതാണ് ഞങ്ങളുടെ നിലപാട്. അതുകൊണ്ട് നിങ്ങൾ ചർച്ചയ്ക്ക് തയ്യാറാകണം. നിങ്ങൾ പിടിവാശി ഉപേക്ഷിക്കണം. അതുപോലെ 66 ലക്ഷം പേരിൽനിന്ന് ഒരു കാർഡിന് 10 രൂപ വച്ച് മേടിച്ച് ആറു കോടി അറുപത് ലക്ഷം രൂപ ഞെക്കിപ്പിഴിയാനുള്ള തീരുമാനം പിൻവലിക്കണം, ഏറ്റവും ന്യായമായ, ഏറ്റവും മിതമായ, കേരളത്തിലെ 66 ലക്ഷത്തോളം വരുന്ന ഇലക്ട്രിസിറ്റി ഉപഭോക്താക്കളുടെ പൊതുവികാരം ഞങ്ങൾ ഉന്നയിക്കുന്നതുകൊണ്ട് തൽക്കാലത്തേക്കെങ്കിലും ഈ ഫോം പിൻവലിക്കുക. അതു കഴിഞ്ഞ് ഉപഭോക്തൃ സംഘടനകളുമായി ചർച്ചയാകാം, രാഷ്ട്രീയ പാർട്ടികളെ വിളിക്കാൻ ഇഷ്ടമില്ലെങ്കിൽ വേണ്ട, പ്രതിപക്ഷത്തെ വിളിക്കാൻ ഇഷ്ടമില്ലെങ്കിൽ വേണ്ട. കുറഞ്ഞത് ഉപഭോക്തൃ സംഘടനകളെയെങ്കിലും വിളിച്ച് അവരുമായി ചർച്ച ചെയ്തതിനുശേഷം കാർഡ് വേണമോ, വേണ്ടയോ, കാർഡ് വേണമെങ്കിൽ അതിൽ ഉൾപ്പെടുത്തേണ്ട ചോദ്യാവലി എന്തൊക്കെയാണ് എന്ന് തീരുമാനിക്കാനുള്ള, ഇവിടത്തെ ഉപഭോക്താക്കൾക്കുവേണ്ടി മാത്രമുള്ള, ഒരു കക്ഷിരാഷ്ട്രീയവുമില്ലാത്ത, ന്യായമായ, ഏറ്റവും മിതമായ ഡിമാന്റ് പോലും അംഗീകരിക്കാൻ തയ്യാറാകാത്ത ഈ ഗവൺമെന്റിന്റെ പിടിവാശിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് നടത്തുകയാണ്.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോവുകയും അല്പ സമയത്തിനുള്ളിൽ തിരിച്ചുവരികയും ചെയ്തു.)

(2) കുന്നത്തൂർ താലൂക്കിലെ പട്ടികജാതി വിദ്യാർത്ഥിനിയെ പീഡിപ്പിച്ച പ്രതിയെ അറസ്റ്റു ചെയ്യുന്നതു സംബന്ധിച്ച്

<u>ശ്രീ. ടി. നാണു മാസ്റ്റർ</u> : സർ, കൊല്ലം ജില്ലയിൽ കുന്നത്തൂർ മണ്ഡലത്തിൽപ്പെട്ട നൂറനാട് തെക്ക്പഞ്ചായത്തിലെ കിടങ്ങയം ലക്ഷംവീട്ടിൽ താമസിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട സൂര്യ എന്ന 10 വയസ്സുകാരി ആയ വിദ്യാർത്ഥിനി ക്രൂരമായ ലൈംഗിക പീഡനത്തിന് വിധേയയായിരിക്കുകയാണ്. 2000 ഫെബ്രുവരി 4-ന് ഉച്ചയ്ക്കാണ് ഈ സംഭവം നടന്നത്. അതേ പഞ്ചായത്തിൽ കിടങ്ങയം നടുവിൽ മഞ്ജു ഭവനത്തിൽ ബാലകൃഷ്ണപിള്ളയാണ് ഈ ക്രൂരമായ പീഡനം നടത്തിയിട്ടുള്ളത്. സ്കൂളിൽ പോകുന്ന ഈ പിഞ്ചുകുട്ടിയെ അനുനയപൂർവം സ്വാധീനിച്ച് അതിക്രൂരമായ പീഡനങ്ങൾ ഏല്പിക്കയാണ് ചെയ്തത്. അതിനുശേഷം അബോധാവസ്ഥയിലായ ആ ബാലി

LIBRARY ARCHIVES Kerala Legislative Assembly